# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 625 09/07/2013ൽ മറുപടിക്ക്

**പി.എസ്.സി. റാങ്ക് ലിസ്റ്റുകളെയും എൽ.ഡി.സി.യോഗ്യതയെയും സംബന്ധിച്ച സർക്കാർ തീരുമാനം**

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി സംബന്ധിച്ച് സർക്കാരിന്റെ ശുപാർശ എന്തായിരുന്നു; പ്രസ്തുത ശുപാർശ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ ; | (എ) 2013 ഡിസംബർ 31-നോ അതിനു മുൻപോ കാലാവധി അവസാനിക്കുന്നതും നാലര വർഷം പൂർത്തിയാകാത്തതുമായ അദ്ധ്യാപകരുടെ ഉൾപ്പെടെയുള്ള എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി അതാതു ലിസ്റ്റുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് ഒരു വർഷത്തേയ്ക്കോ അല്ലെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെയോ (ഏതാണോ ആദ്യം) ദീർഘിപ്പിച്ചു നൽകുവാൻ സർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷനോട് ശിപാർശ ചെയ്തിരുന്നു. ഇതിന്റെ ഫലമായി 30.6.2013-ൽ നിലവിലുള്ളതും 29.9.2013 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതും 4 1/2 വർഷം പൂർത്തിയാക്കാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില നിബന്ധനകൾക്ക് വിധേയമായി കമ്മീഷൻ 30.9.2013വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ അംഗീകാരം ലഭിക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) ബാധകമല്ല. |
| (സി) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നത് സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ? | (സി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ